# അങ്ങാടിപത്രം

**നമ്മുടെ നാടിന്റെ വാർത്താജാലകം**

ഏപ്രിൽ 20 ചൊവ്വ 2021

Volume: 1, Issue:4

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## സൗജന്യ കുടിവെള്ള വിതരണം ആരംഭിച്ചു

**ജോബിൻ ജേക്കബ്**




പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചരൾ ഓസി കുന്നിൽ കുടിവെള്ള വിതരണം നടത്തുന്നു

വേനൽ രൂക്ഷമായതോടെ കുടിവെള്ള ദൗർലഭ്യം അനുഭവിക്കുന്നവർക്കായി അയ്യൻകുന്ന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സൗജന്യ കുടിവെള്ള വിതരണം ആരംഭിച്ചു. ഏപ്രിൽ മാസാരംഭം മുതൽ ജല വിതരണം മുടങ്ങാതെ നടന്നു വരുന്നു. പഴശ്ശി ഡാമിനോട് ചേർന്നുള്ള കുടിവെള്ള സംഭരണിയിൽ നിന്ന് ശേഖരിക്കുന്ന ജലമാണ് ഒന്നിടവിട്ട ദിവസങ്ങളിൽ ആളുകൾക്ക് എത്തിച്ചു നൽകുന്നത്.

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നാണ് കുടിവെള്ള വിതരണത്തിന് ആവശ്യമായ തുക കണ്ടെത്തുന്നത്. ഒരു കുടുംബത്തിന്റെ അനുദിന ചിലവുകൾക്കാവശ്യമായ ജലം വീടുകളിൽ എത്തിച്ചു നൽകുന്ന പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും അംഗങ്ങൾ ഗുണഭോക്താക്കളാണ്.

"കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ആളുകൾ കുടിവെള്ളം ആവശ്യപ്പെട്ട സാഹചര്യമാണ് നിലവിലുള്ളത്. ഒരുമാസം 5 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ജല വിതരണത്തിനായി വകയിരുത്തിയിട്ടുണ്ട്. വേനൽ രൂക്ഷമാകുന്ന സാഹചര്യത്തിൽ ആർക്കെങ്കിലും കുടിവെള്ളം ആവശ്യമാണെങ്കിൽ അതാത് വാർഡ് മെമ്പർമാർ വഴി ആ വിവരം പഞ്ചായത്തിൽ അറിയിക്കേണ്ടതാണ്". പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പിള്ളിക്കുന്നേൽ പറഞ്ഞു.

'നിലവിൽ ഒരു വാഹനമാണ് കുടിവെള്ള വിതരണത്തിനായി ഉപയോഗിക്കുന്നത്. എങ്കിലും ജലദൗർലഭ്യം രൂക്ഷമാകുന്ന സാഹചര്യത്തിൽ മറ്റൊരു വാഹനം കൂടി വേണ്ടി വരും.' പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മിനി വിശ്വനാഥൻ അഭിപ്രായപ്പെട്ടു.

## മാതൃകയായി വിൻസെന്റ് ഡി പോൾ സൊസൈറ്റി

**അഡാസിയോ ജോവാക്കിം**

നാനാജാതിമതസ്ഥരായ നിരവധിയാളുകൾക്ക് കാരുണ്യ സ്പർശമേകിയ 35 വർഷങ്ങൾ. കിഡ്നി രോഗികൾക്കും കിടപ്പു രോഗികൾക്കുമായുള്ള ചികിത്സാപദ്ധതി, നിർധനരായ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം, നിർധനർക്കായുള്ള ഭവന നിർമ്മാണം, 24 മണിക്കൂറും ലഭ്യമാകുന്ന ആംബുലൻസ് സൗകര്യം ഇങ്ങനെ വ്യത്യസ്തമായ ഒട്ടനവധി ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ അങ്ങാടിക്കടവിന്റെ സ്പന്ദനമായി മാറിയിരിക്കുകയാണ് വിൻസെന്റ് ഡി പോൾ സൊസൈറ്റി.

1986 ൽ ആരംഭിച്ച സംഘടന, ജീവകാരുണ്യ പ്രവർത്തന മേഖലയിൽ വ്യത്യസ്തമായ ചുവടുവയ്പ്പുകളോടെ മുന്നോട്ട് കുതിക്കുകയാണ്.




സംഘടനയുടെ നേതൃത്വത്തിൽ പത്തൊൻപത് വീടുകൾ ഇതിനോടകം പൂർത്തീകരിച്ച് നൽകി. ഇതിൽ രണ്ടെണ്ണം ഡോൺബോസ്കോ കോളേജിലെ എൻ.എസ്.എസിന്റെ സഹകരണത്തോടെയാണ് പൂർത്തിയാക്കിയത്. നാലു കുട്ടികളുടെ പഠന ചിലവ് പൂർണമായും സംഘടന ഏറ്റെടുത്തു നടത്തുന്നു.എല്ലാ ഞായറാഴ്ചകളിലും രോഗി സന്ദർശനം നടത്തി വരുന്നു. കിഡ്നി രോഗികൾക്ക് സഹായം ലഭ്യമാക്കാൻ മാത്രമായി ഷെയർ ആൻഡ് കെയർ എന്ന സംഘടനയിലൂടെ നിർധനരായ രോഗികൾക്ക് സഹായം ലഭ്യമാക്കുന്നു.

പ്രദേശത്തുള്ള ആംബുലൻസ് സൗകര്യം വിൻസെന്റ് ഡി പോൾ സംഘടനയുടെ ദീർഘ വീക്ഷണത്തിന്റെ ഫലമാണ്. ഇരുപത്തിനാല് മണിക്കൂറും സന്നദ്ധമായ രണ്ട് ആംബുലൻസുകളാണ് സംഘടനക്കുള്ളത്. കിടപ്പ് രോഗികൾക്ക് എയർ ബെഡ്, വീൽ ചെയർ, ക്രച്ചസ് എന്നിവ നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

"സുമനസ്സുകളുടെ കാരുണ്യത്താൽ സംഘടനയുടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് പോകുന്നു. സംഘടനാപ്രവർത്തനങ്ങളു ടെ നടത്തിപ്പിനായി വർഷത്തിലൊരിക്കൽ അങ്ങാടിക്കടവ് ഇടവകാംഗങ്ങളുടെ അടുക്കൽ നിന്ന് സംഭാവന സ്വീകരിക്കുന്ന പതിവും നിലവിലുണ്ട്. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് സദാ സന്നദ്ധരായ അംഗങ്ങളാണ് സംഘടനയുടെ ശക്തി." മുൻ പ്രസിഡണ്ട് അപ്പച്ചൻ പീടിയേക്കൽ പറഞ്ഞു.'

വൃദ്ധരായവരെയും രോഗികളെയും സംഘടനാംഗങ്ങൾ ആഴ്ചയിലൊരിക്കൽ സന്ദർശിക്കുന്നു. കണ്ണൂർ ജില്ലയിലെ ഇരുപത്തിയഞ്ചോളം വരുന്ന അഗതി മന്ദിരങ്ങളിൽ പാചകത്തിന് ആവശ്യമായ വിറകുകൾ ഇറക്കി കൊടുക്കുന്നതുൾപ്പെടെ വ്യത്യസ്തമായ വഴികളിലൂടെ വിൻസെന്റ് ഡി പോൾ സംഘടന അതിന്റെ പ്രവർത്തനങ്ങൾ തുടരുകയാണ്.

## വാക്സിൻ വിതരണം: വാർഡ് തലത്തിൽ നടത്താൻ ആലോചന

**അമൃത സുരേന്ദ്രൻ**

സംസ്ഥാനത്ത് കോവിഡ് വർധിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ കുടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി വാർഡ് തലത്തിൽ വാക്സിനേഷൻ നടത്താൻ ആലോചന.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾക്ക് ലഭിക്കുന്ന വാക്സിൻ വിഹിതം വർദ്ധിച്ചാൽ ഉടനെ പദ്ധതി ആരംഭിക്കുമെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു. അയ്യൻകുന്ന് പഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും നേതൃത്വത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

വാർഡ് തലത്തിൽ ക്യാമ്പുകൾ നടത്തി എല്ലാ ആളുകൾക്കും വാക്സിൻ എത്തിക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശം. ആളുകൾക്ക് രജിസ്റ്റർ ചെയ്യാനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കിയാണ് പഞ്ചായത്ത് വാർഡ് തലത്തിൽ ക്യാമ്പ് സംഘടിപ്പിക്കുകയും സ്പോട്ട് രജിസ്ട്രേഷനിലൂടെ




Picture Credit: Pixabay

വാക്സിനേഷൻ നൽകുകയും ചെയ്യുന്നത്.

വാക്സിന്റെ ലഭ്യത കുറവ് പദ്ധതിയെ ബാധിക്കുമോ എന്ന ആശങ്കയും അധികൃതർ പ്രകടിപ്പിച്ചു. ഓരോ ദിവസവും വിതരണം ചെയ്യേണ്ട വാക്സിൻ കീഴ്പ്പള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നാണ് എത്തിക്കുന്നത്. 'കോവിഷീൽഡ്' വാക്സിനാണ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലൂടെ നൽകുന്നത്. ആദ്യത്തെ വാക്സിൻ സ്വീകരിച്ച ആളുകൾ നാല്പത്തിരണ്ട് ദിവസത്തിനുള്ളിൽ രണ്ടാമത്തെ ഡോസ് വാക്സിൻ സ്വീകരിക്കണം എന്നാണ് നിലവിൽ ലഭിച്ചിരിക്കുന്ന നിർദ്ദേശം.

## മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കമായി

**മിൻസിയ നസ്രി**

മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച് അയ്യൻകുന്ന് പഞ്ചായത്ത്. മഴയ്ക്കു മുൻപായി മഴക്കാലരോഗങ്ങളായ എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങളെ പ്രതിരോധിക്കാനായി പഞ്ചായത്തിലെ വിവിധ ടൗണുകൾ കേന്ദ്രീകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.

പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിലുള്ള പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം ഏപ്രിൽ ഇരുപതിന് അങ്ങാടിക്കടവിൽ വച്ച് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പിള്ളികുന്നേൽ നിർവ്വഹിക്കും. ശേഷം പഞ്ചായത്തിലെ എല്ലാ ടൗണുകളും ഒരേസമയം തന്നെ ശുചീകരിക്കും. തുടർന്നുള്ള ദിവസങ്ങളിൽ 'ഡ്രൈ ഡേ ആചരിച്ചു കൊണ്ട് വീടുകളിൽ ശുചീകരണം നടത്തും.

പ്രവർത്തനങ്ങളുടെ ആദ്യഘട്ടം പഞ്ചായത്തിലെ പ്രധാന ടൗണുകളായ കരിക്കോട്ടക്കരി, ചരൾ, വാണിയപ്പാറ, അങ്ങാടിക്കടവ്, എന്നിവിടങ്ങളിലായി പൂർത്തീകരിക്കും. കുടുംബശ്രീ, ഹരിതകർമ്മ സേന,വ്യാപാരി വ്യവസായ ഏകോപന സമിതി, ഓട്ടോ ടാക്സി, ആരോഗ്യവകുപ്പ്, പോലീസ്, തുടങ്ങി വിവിധ സന്നദ്ധ സംഘടനാംഗങ്ങൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

# വോളിബോളിലെ ‘മായാ’ജാലം

**ഐശ്വര്യ സി ജേക്കബ്**

വള്ളിത്തോട്: എതിർ ടീമിന്റെ കോർട്ടിൽ താണിറങ്ങുന്ന കരുത്തുറ്റ സ്മാഷുകൾ. കണ്ണിമയ്ക്കുന്ന വേഗത്തിലുള്ള പ്ലേസിങ്. വേഗതയും കരുത്തുംകൊണ്ട് വോളീബോൾ കോർട്ടിൽ മായാജാലം തീർക്കുകയാണ് അന്തർദേശീയ താരം മായാ തോമസ് എന്ന വള്ളിത്തോടുകാരി.

2021 ൽ നടന്ന സീനിയർ നാഷണൽസിൽ സ്വർണ മെഡൽ നേടിയ ടീമിൽ അംഗമായിരുന്നു മായ. കോവിഡ് 19 മൂലം ഒരു വർഷത്തിലേറെയായി പ്രാക്ടീസ് മുടങ്ങി, എങ്കിലും 2021 ൽ നടന്ന സീനിയർ നാഷണൽസിൽ സ്വർണ്ണ മെഡൽ നേടാൻ സാധിച്ചത് വലിയ നേട്ടമായാണ് മായ കാണുന്നത്. വീട്ടുകാരുടെ പിന്തുണ ഉള്ളതുകൊണ്ടാണ് ഇത്രയും വിജയങ്ങൾ നേടാനായതെന്ന് മായ പറയുന്നു.

മായ തന്റെ കരിയർ തുടങ്ങിയത് അത്‌ലറ്റിക്സിൽ ആയിരുന്നെങ്കിലും പിന്നീട് വോളിബോളിലെയ്ക്ക് ചുവടു മാറുകയായിരുന്നു. പന്ത്രണ്ടാം വയസ്സുമുതൽ ജി വി രാജ സ്പോർട്സ് സ്കൂളിലും ശേഷം സായിയിലും പരിശീലനം പൂർത്തിയാക്കിയ മായ ഇപ്പോൾ കെഎസ്ഇബിയിൽ ജൂനിയർ അസിസ്റ്റന്റ് ആയി ജോലി ചെയ്യുന്നു.

കുന്നോത്ത് യു പി സ്കൂളിൽ പഠിക്കുന്ന കാലത്ത് തന്നെ കായികരംഗത്ത് സ്ഥിര സാന്നിധ്യമായിരുന്ന മായ കണ്ണൂർ ജില്ല കായികമേളകളിൽ പങ്കെടുക്കുകയും വിജയം നേടുകയും ചെയ്തിട്ടുണ്ട്. കുന്നോത്ത് സ്കൂളിലെ കായിക അധ്യാപകനായ ജോർജ് സാറാണ് മായയുടെ ഉള്ളിലെ കായികതാരത്തെ കണ്ടെത്തിയത്. സ്കൂളിൽ കായിക അധ്യാപികയായിരുന്ന ഷീബ ടീച്ചറാണ് തിരുവനന്തപുരം ജി വി രാജ സ്പോർട്സ് സ്കൂളിനെ പറ്റി പറഞ്ഞു കൊടുക്കുകയും കായിക രംഗത്ത് കൈ പിടിച്ച് ഉയർത്തുകയും ചെയ്തത്.

2020 ലെ ഫെഡറേഷൻകപ്പ് നേടിയ ടീമിൽ അംഗമായിരുന്ന മായ അന്തർദേശീയതലത്തിൽ വിയറ്റ്നമിൽ വച്ച് നടന്ന ഏഷ്യൻ കപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ച ടീമിലും അംഗമായിരുന്നു. കഴിഞ്ഞ പത്തു വർഷത്തിലേറെയായി കായികരംഗത്ത് സജീവമാണ്.

2016 ൽ തായ്‌ലൻഡിൽ വച്ച് നടന്ന ജൂനിയർ ഇന്ത്യയിൽ പങ്കെടുത്തു . തുടർന്ന് 2016 തന്നെ കെഎസ്ഇബിയിൽ ജോലി ലഭിച്ചു.

2019 ൽ ദേശീയതലത്തിൽ സ്വർണ്ണ മെഡൽ നേടി ഒന്നാം സ്ഥാനം കരസ്ഥമാക്കിയ കേരള ടീമിലും അംഗമായിരുന്നു.

വീട്ടിൽ നിന്നും വർഷങ്ങളായി മാറിനിൽക്കുന്നു. അതുകൊണ്ട് തന്നെ കുറച്ചുകാലം വീട്ടുകാരുടെ ഒപ്പം ചിലവഴിക്കാനാണ് ആഗ്രഹം .എന്റെ പേരിൽ വീട്ടുകാർ അറിയപ്പെടുന്നത് കേൾക്കുമ്പോൾ അഭിമാനമുണ്ടെന്നും മായ പറഞ്ഞു.



മായ കെ.എസ്.ഇ.ബി. ടീമംഗങ്ങളോടൊപ്പം പരിശീലനത്തിൽ

**എഡിറ്റോറിയൽ**

## കേരള സിലബസോ?സി.ബി.എസ്.ഇ യോ?

കേരള സിലബസിനേക്കാൾ കേമമാണോ സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജുക്കേഷൻ? ഈ ചോദ്യം കുറെ പേർ ഉന്നയിക്കുന്നു. പല വാദങ്ങൾ. പൊതു സമൂഹത്തിന്റെ ആശയതലം രൂപപ്പെടുത്തുന്നത് വസ്തുതകളുടെ അടിസ്ഥാനത്തിൽ ആകണം. പലപ്പോഴും അങ്ങനെയല്ല സംഭവിക്കുന്നത്. നാട്ടിലെ പ്രമുഖർ എന്നറിയപ്പെടുന്ന വിഭാഗം എന്തു ചെയ്യുന്നു നോക്കി സാധാരണക്കാരും അങ്ങനെതന്നെ ചെയ്യുന്നു. രാഷ്ട്രീയ നേതാക്കൾ ഉയർന്ന ഉദ്യോഗസ്ഥർ സാമ്പത്തികമായി ഉയർന്ന നിലയിൽ ഉള്ളവർ ഒക്കെ ചെയ്യുന്നത് മാതൃകയാക്കാൻ തീരുമാനങ്ങൾ എടുക്കേണ്ടിവരുമ്പോൾ അറിയാതെ മനസ്സ് ശ്രമിക്കും. സിബിഎസ്ഇ സ്കൂളുകൾക്ക് വേണ്ടി മൂലധനം ഒഴുക്കാൻ സ്വകാര്യ മാനേജ്മെന്റുകളുണ്ട്. നമ്മുടെ കേരളത്തിൽ തുഞ്ചത്തെഴുത്തച്ഛൻ സ്മാരക ഇംഗ്ലീഷ് മീഡിയം സ്കൂൾ ഉണ്ട്. നാളെ മലയാളം സ്മാരക ഇംഗ്ലീഷ് മീഡിയവും വന്നുകൂടായ്കയില്ല. ചില ധാരണകൾ എല്ലാവരും വെച്ചുപുലർത്തുന്നു അതിന്റെ അടിസ്ഥാനം ഒന്ന് പരിശോധിക്കണം.

സിബിഎസ്ഇ കേരള സിലബസുകൾ തമ്മിൽ ഒരു താരതമ്യം നടത്തുന്നത് നന്നായിരിക്കും. സിബിഎസ്ഇ പറയുന്നത് പ്രവർത്തിയിൽ കാണിക്കാറില്ല. ശിശു സൗഹൃദപരമായ വിദ്യാഭ്യാസം കുറയും. എൻസിഇആർടി മുന്നോട്ടുവയ്ക്കുന്ന സമീപനം കുറയും. രണ്ടാം ക്ലാസ് വരെ സ്കൂൾ ബാഗും ഗൃഹ പാഠവും പാടില്ലെന്ന നിബന്ധന വെക്കും. ഇതിനൊക്കെ ഒരു വിലയും നൽകില്ല.

ഈയൊരു പുതിയ സാഹചര്യത്തിൽ വിദ്യാഭ്യാസം എങ്ങനെയുള്ളതായിരിക്കണം എന്ന് ലോകബാങ്ക് പറയുന്നുണ്ട്. വിവരങ്ങൾ കണ്ടെത്താനും ഉചിതമായ തിരഞ്ഞെടുക്കുവാനും വിലയിരുത്താനുള്ള കഴിവ്, സംഘമായി പ്രവർത്തിക്കുവാനും പഠിക്കുവാനുമുള്ള ശേഷി, പൊതുസമൂഹവുമായി ഫലപ്രദമായി സംവദിക്കാനുള്ള കഴിവ്, സാങ്കേതികവിദ്യ കാര്യക്ഷമമായി ഉപയോഗിക്കാനും പ്രവൃത്തി മികവുറ്റതാക്കാനുള്ള കഴിവ്, പുതിയ സാഹചര്യങ്ങളിൽ ഉണ്ടാകുന്ന ഏതൊരു പ്രശ്നവും നേരിടുവാനുള്ള കഴിവ്, നേതൃത്വ പഠനം, സേവനം നൽകുവാനും പരിശോധിക്കുവാനുമുള്ള പഠനം, ഇതൊക്കെയാണ് കേരള സിലബസ് മുന്നോട്ടു വയ്ക്കുന്നത്.

- എഡിറ്റർ

## കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് എസ്.എസ്.എൽ.സി. പരീക്ഷ

**വിപിൻ വില്ല്യം**



കോവിഡ്മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് അങ്ങാടിക്കടവ് സേക്രഡ് ഹാർട്ട് സ്കൂളിലെ പത്താം ക്ലാസ് പരീക്ഷതുടങ്ങി. ഈ വർഷം 128 കുട്ടികളാണ് പത്താം ക്ലാസ് പരീക്ഷ എഴുതുന്നത്. അതിൽ 66 കുട്ടികൾ മലയാളം മീഡിയത്തിലും 62 കുട്ടികൾ ഇംഗ്ലീഷ് മീഡിയത്തിലും പഠിക്കുന്നവരാണ്.

മുൻവർഷങ്ങളിലേതു പോലെ 100% വിജയമാണ് ഈ വർഷവും പ്രതീക്ഷിക്കുന്നത്. ഇതിനു വെല്ലുവിളിയായി തുടക്കത്തിൽ ഒരു കുട്ടിക്ക് കോവിഡ് പോസിറ്റീവ് ആയെങ്കിലും പിന്നീട് പരിശോധനയിൽ നെഗറ്റീവ് ആയതിനെ തുടർന്ന് ഇപ്പോൾ പരീക്ഷ എഴുതുന്നുണ്ട്. എന്നാൽ ഇപ്പോൾ മറ്റൊരു കുട്ടിയുടെ മാതാപിതാക്കൾക്കു കോവിഡ് പോസിറ്റീവ് ആയതിനാൽ പ്രത്യേകം സജ്ജമാക്കിയിരിക്കുന്ന മുറിയിൽ നിന്നാണ് ഈ കുട്ടി പരീക്ഷ എഴുതുന്നത്

# പൂവത്തിങ്കൽ വീട് ഫുൾ ചാർജ്ജാണ്

**അനുശ്രീ കെ.**

കറന്റ് കട്ടും, ഉയർന്ന വൈദ്യുതി ചാർജും പതിവായി തലവേദന സൃഷ്ടിക്കുന്ന കാലത്ത് ഏതു സാഹചര്യത്തിലും ഫുൾ ചാർജായി നിൽക്കുന്ന ഒരു വീടുണ്ട് അങ്ങാടിക്കടവിൽ. പൂവത്തിങ്കൽ മാത്യു-ഷാർജ ദമ്പതികളുടെ സോളാർ വീട്. സോളാർ എനർജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഇലക്ട്രിക് കാറും വീടിന്റെ പ്രത്യേകതയാണ്.

നീണ്ട പ്രവാസ ജീവിതത്തിനു ശേഷം ഇരുവരും നാട്ടിൽ ഒരു വീട് വച്ചപ്പോൾ നേരിട്ട പ്രധാന പ്രശ്നമായിരുന്നു അമിത ഇലക്ട്രിസിറ്റി ചാർജ്. മാസത്തിൽ 4000 മുതൽ 5000 വരെ കറണ്ട് ബില്ല് വന്നിരുന്ന സാഹചര്യത്തിലാണ് സോളാർ പാനലുകൾ വീടിന്റെ ടെറസിൽ സ്ഥാപിച്ച് കറന്റ് ഉൽപാദിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചത്. പാനലുകൾ സ്ഥാപിക്കുന്നതിന് മുന്ന് ലക്ഷത്തി അറുപതിനായിരം രൂപ ചിലവായി. വീട്ടാവശ്യം കഴിഞ്ഞു ബാക്കി വരുന്ന യൂണിറ്റ് കറന്റ് KSEB യ്ക്ക് നൽകും. മഴക്കാലത്തേക്കാവശ്യമായ അധിക വൈദ്യുതി KSEB യിൽ നിന്ന് തിരികെ ലഭിക്കും. മീറ്റർ വാടകയിനത്തിൽ 110 രൂപ മാത്രമാണ് നിലവിൽ മാസം ഇലക്ട്രിസിറ്റി ബില്ലായി അടയ്ക്കേണ്ടി വരുന്നത്.

“മോട്ടർ, ഫ്രിഡ്ജ്, ടി.വി, എ.സി തുടങ്ങിയ എല്ലാ ഇലക്ട്രിക്കൽ ഉപകരണങ്ങളും കൂടുതലായി ഉപയോഗിച്ച മാർച്ച്മാസത്തിൽ 570 യൂണിറ്റാണ് മീറ്ററിൽ അടയാളപ്പെടുത്തിയത്. എന്നാൽ 870 യൂണിറ്റ് വൈദ്യുതി കഴിഞ്ഞ മാസം സോളാർ പാനലിന്റെ സഹായത്തോടെ ഉൽപാദിപ്പിച്ചക്കാനായി” മാത്യു പറഞ്ഞു.

ഇലക്ട്രിക് കാർ 35 യൂണിറ്റ് ചാർജിൽ 220 കിലോമീറ്റർ സഞ്ചരിക്കും. മലയോര മേഖലയ്ക്ക് അത്ര പരിചിതമല്ലാത്ത ടാറ്റ നെക്സോൺ ഓട്ടോമാറ്റിക് ഇലക്ട്രിക് ഗ്രീൻ കാർ ആദ്യമായി അങ്ങാടിക്കടവിൽ സ്വന്തമാക്കിയതും ഇവരാണ്. കനത്ത മഴയിലും, കാറ്റിലും മലയോരത്ത് കറന്റ് കട്ട് പതിവാകുന്ന മഴക്കാലത്തും വൈദ്യുതി ഇവർക്ക് ഒരു പ്രശ്നമാകുന്നില്ല.



സോളാർ വൈദ്യുതി എന്ന ആശയത്തിലൂടെ കൊടുംവേനലിനെ കുടയാക്കി മാറ്റുകയാണ് മാത്യു. വൈദ്യുതി ക്ഷാമവും വാഹനങ്ങൾ സൃഷ്ടിക്കുന്ന അന്തരീക്ഷ മലിനീകരണവും രൂക്ഷമാകുന്ന കാലഘട്ടത്തിൽ പൂവത്തിങ്കൽ മാത്യു മുന്നോട്ട് വയ്ക്കുന്ന ആശയം മാതൃകാപരമാണ്.

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: പ്രവീൺ പി. എഫ് |എഡിറ്റർ ഇൻ ചാർജ്: വിപിൻ വില്ല്യം | സബ് എഡിറ്റേഴ്സ്: ജോബിൻ ജേക്കബ്, മിൻസിയ നസ്രി, അമൃത സുരേന്ദ്രൻ, അഡാസിയോ ജോവാക്കിം, അനുശ്രീ കെ, ഐശ്വര്യ സി. ജേക്കബ് |ഫോട്ടോഗ്രാഫേഴ്സ് : അഡാസിയോ, വിപിൻ വില്ല്യം, ജോബിൻ ജേക്കബ് | ഡിസൈൻ: ബിവാൾഡിൻ